**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ദിവസവേതന/കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് - അസിസ്റ്റന്റ് പ്രൊഫസർ (എൻജിനീയറിംഗ് കോളേജ്, ആർട്ട്സ് & സയൻസ് കോളേജ്) തസ്തികയിലെ കരാർ / ദിവസ വേതനം - ഭേദഗതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

ധനകാര്യ (വ്യയം-സി) വകുപ്പ്

സ.ഉ (പി) നം. 74/2018/ധന തിരുവനന്തപുരം, തീയതി, 28/04/2018

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം: 1) സ.ഉ. (പി) 28/2016/ധന, തീയതി 26/02/2016
2) സ.ഉ (പി) 32/2017/ധന, തീയതി 08/03/2017
3) സ.ഉ. (പി) 56/2017/ധന, തീയതി 28/04/2017
4) സ.ഉ. (പി) നം. 602/2012/ഉ.വി.വ. തീയതി 28/11/2012
5) സ.ഉ. (സാധാ)നം. 1251/2015/ഉ.വി.വ. തീയതി 30/05/2015

**ഉത്തരവ്**

സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾ, ഗ്രാന്റ് ഇൻ എയിഡ് സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ദിവസവേതന/കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. പരാമർശം 2 ലെ ഉത്തരവു പ്രകാരം എൻജിനീയറിംഗ് കോളേജ്, ആർട്ട്സ് & സയൻസ് കോളേജ് എന്നിവിടങ്ങളിലെ അസിസ്റ്റന്റ് പ്രൊഫസർ / ഗസ്റ്റ് ലക്ചറർ തസ്തികയെ കാറ്റഗറി XI (a) യിൽ ഉൾപ്പെടുത്തി ദിവസവേതനം 1400/- രൂപയായും (ആവശ്യമുണ്ടെങ്കിൽ മാത്രം) പരമാവധി പ്രതിമാസ കരാർ വേതനം 42,000/- രൂപയായും നിശ്ചയിച്ചിരുന്നു. പരാമർശം 3 ലെ ഉത്തരവു പ്രകാരം അസിസ്റ്റന്റ് പ്രൊഫസർ / ഗസ്റ്റ് ലക്ചറർ തസ്തികയുടെ ദിവസവേതനം 1470/- രൂപയായും പരമാവധി പ്രതിമാസ കരാർ വേതനം 44,000/- രൂപയായും പുതുക്കി നിശ്ചയിച്ചിരുന്നു. ടി ഉത്തരവിലെ ഖണ്ഡിക (vi) ൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർ സമാന തസ്തികകൾക്ക് ബാധകമായ പൂർണ്ണ ജോലിഭാരം നിർവ്വഹിച്ചാൽ മാത്രമേ മുഴുവൻ ദിവസവേതനത്തിന് അർഹതയുള്ളൂ എന്നും അല്ലാത്ത പക്ഷം നിർവ്വഹിക്കപ്പെടുന്ന ജോലിസമയത്തിന്റെ അടിസ്ഥാനത്തിൽ ആനുപാതികമായ കുറവു വരുത്തുന്ന കാര്യം വകുപ്പു മേധാവി ഉറപ്പു വരുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിരുന്നു.

(2) ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച പരാമർശം (4) ലെ ഉത്തരവ് അനുസരിച്ച് യു.ജി.സി യോഗ്യതയുള്ള അദ്ധ്യാപകർക്ക് മണിക്കൂറിന് 500/- രൂപ നിരക്കിൽ പരമാവധി പ്രതിമാസം നൽകാവുന്ന വേതനം 25,000/- രൂപ ആയും പരാമർശം (5) ലെ ഉത്തരവ് അനുസരിച്ച് യു.ജി.സി യോഗ്യതയില്ലാത്ത ഗസ്റ്റ് അദ്ധ്യാപകർക്ക് 300/- രൂപ / മണിക്കൂർ നിരക്കിൽ പരമാവധി പ്രതിമാസം നൽകാവുന്ന വേതനം 20,740/- രൂപയും ആയി നിശ്ചയിച്ചിരുന്നു.

3) പരാമർശം (3) ഉത്തരവിലെ ഖണ്ഡിക (vi) ലെ നിബന്ധന അനുസരിച്ച് 1470 ദിവസവേതനം നിശ്ചയിച്ചിട്ടുള്ള അസിസ്റ്റൻറ് പ്രൊഫസർ തസ്തികയ്ക്ക് ഒരു മണിക്കൂറിന് ലഭിക്കുന്ന ആനുപാതികമായ വേതനം ഉന്നത വിദ്യാഭ്യാസ വകപ്പിലെ പരാമർശം (4), (5) ഉത്തരവുകൾ പ്രകാരം ലഭിച്ച് കൊണ്ടിരിക്കുന്ന തുകയേക്കാൾ കുറവാണെന്നും ഇത്തരത്തിൽ വേതന നഷ്ടം ഉണ്ടായതിലെ അപാകത പരിഹരിക്കണമെന്നും ആവശ്യപ്പെട്ട് സർക്കാരിലേക്ക് നിവേദനങ്ങൾ ലഭിച്ചിരുന്നു. മാത്രമല്ല, പരാമർശം (3) ഉത്തരവിൽ അസിസ്റ്റന്റ് പ്രൊഫസർ ഗസ്റ്റ് ലക്ചറർ തസ്തികയെ യു.ജി.സി യോഗ്യതയുള്ള അദ്ധ്യാപകരെന്നും യു.ജി.സി യോഗ്യതയില്ലാത്ത അദ്ധ്യാപകരെന്നും വേർതിരിച്ചിട്ടില്ല.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എൻജിനീയറിംഗ് കോളേജ്, ആർട്ട്സ് & സയൻസ് കോളേജ് എന്നിവിടങ്ങളിലെ അസിസ്റ്റന്റ് പ്രൊഫസർ / ഗസ്റ്റ് ലക്ചറർ തസ്തികയെ ദിവസ വേതന/കരാർ ജീവനക്കാരുടെ വേതനം നിശ്ചയിച്ച് കൊണ്ട് ധനവകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഉത്തരവുകളിൽ നിന്നും ഒഴിവാക്കി യു.ജി.സി യോഗ്യതയുള്ള അദ്ധ്യാപകർക്ക് മണിക്കൂറിന് 500/- രൂപ നിരക്കിൽ പരമാവധി പ്രതിമാസം നൽകാവുന്ന വേതനം 25,000/- രൂപ ആയും യു.ജി.സി യോഗ്യതയില്ലാത്ത ഗസ്റ്റ് അദ്ധ്യാപകർക്ക് 300/- രൂപ / മണിക്കൂർ നിരക്കിൽ പരമാവധി പ്രതിമാസം നൽകാവുന്ന വേതനം 20,740/- രൂപയും ആയി നിശ്ചയിച്ചുകൊണ്ട് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പരാമർശം (4), (5) ഉത്തരവുകൾ പ്രകാരമുള്ള രീതി തന്നെ തുടരാവുന്നതാണ് എന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡി. കൃഷ്ണപ്രിയ**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്.

1. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടൻറ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
3. അക്കൗണ്ടൻറ് ജനറൽ (ഇ&ആർ.എസ്.എ), കേരള, തിരുവനന്തപുരം
4. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
5. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
6. എല്ലാ ജില്ലാ ട്രഷറികൾ / സബ്‌ട്രഷറികൾ
7. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിൻറ് സെക്രട്ടറിമാർ/ ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ
8. രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ/സംസ്കൃത സർവകലാശാലകൾ
9. ഡയറക്ടർ, കോളേജിയേറ്റ് എഡ്യുക്കേഷൻ, തിരുവനന്തപുരം
10. ഗവർണ്ണറുടെ സെക്രട്ടറി
11. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
12. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
13. പ്രതിപക്ഷ നേതാവിന്റെയും ഗവ.ചീഫ് വിപ്പിന്റെയും സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും
14. നോഡൽ ഓഫീസർ www.finance.kerala.gov.in
15. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
(signature)
സെക്ഷൻ ഓഫീസർ

എൻഡോഴ്സ്മെന്റ് നം. ബി2/31830/2018/കോ.വി.വ തിയതി: 01/06/18
പ്രിൻസിപ്പാൾമാരുടെ അറിവിലേയ്ക്കായി
സർക്കാർ ഉത്തരവിന്റെ പകർപ്പ് പ്രസിദ്ധീകരിക്കുന്നു.
(signature) 01/6/18
സീനിയർ. എ.ഒ
കോ.വി.വ ഡയറക്ടർക്കുവേണ്ടി
(initials) 01/06/18